**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2811** — **13-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ പ്രതിദിന വൈദ്യുതി ഉപഭോഗം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കെ. ജെ. മാക്സി</td><td colspan="2">ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>നിലവിൽ സംസ്ഥാനത്ത് വൈദ്യുതിയുടെ പ്രതിദിന ഉപഭോഗം എത്രയെന്ന് അറിയിക്കുമോ;</td><td>(എ)</td><td>2022 നവംബർ മാസത്തെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ പ്രതിദിന ശരാശരി വൈദ്യുതി ഉപഭോഗം 74.42 ദശലക്ഷം യൂണീറ്റ് ആയിരുന്നു.</td></tr>
<tr><td>(ബി)</td><td>ജലവൈദ്യുതിക്ക് പുറമെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള പ്രതിദിന വൈദ്യുതി ഉല്പാദനം എത്രയെന്ന് വ്യക്തമാക്കുമോ;</td><td>(ബി)</td><td>പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽപ്പെട്ട സൗര പുരപ്പുറ സോളാർ പദ്ധതി വഴി നിലവിൽ പ്രതിദിനം 327860 യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുന്നു.<br><br>2022 നവംബർ മാസത്തിൽ ഓരോ സ്രോതസ്സിൽ നിന്നും ലഭിച്ച വൈദ്യുതിയുടെ പ്രതിദിന ശരാശരി കണക്കുകൾ താഴെ നൽകുന്നു.<br><br><table><tr><th>ക്രമ നമ്പർ</th><th>സ്രോതസ്സ്</th><th>ദശലക്ഷം യൂണീറ്റ്</th></tr><tr><td>1</td><td>ജലവൈദ്യുത നിലയങ്ങൾ</td><td>20.8221</td></tr><tr><td>2</td><td>സൌരോർജ്ജ നിലയങ്ങൾ</td><td>1.1375</td></tr><tr><td>3</td><td>കാറ്റാടിപ്പാടങ്ങൾ</td><td>0.1399</td></tr><tr><td>4</td><td>Co-generation നിലയങ്ങൾ</td><td>0.1413</td></tr></table></td></tr>
<tr><td>(സി)</td><td>സംസ്ഥാനം എത്ര യൂണിറ്റ് വൈദ്യുതിയാണ് ഇപ്പോൾ പ്രതിദിനം വാങ്ങുന്നത്; ഇതിൽ വിവിധ സംസ്ഥാനങ്ങളിലെ കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം എത്രയാണ്;</td><td>(സി)</td><td>2022 നവംബർ മാസത്തെ കണക്കുകൾ പ്രകാരം സംസ്ഥാനം വാങ്ങിയ പ്രതിദിന ശരാശരി വൈദ്യുതി ഏകദേശം 52.164 ദശലക്ഷം യൂണീറ്റ് ആണ്. ഇതിൽ കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നുള്ള ശരാശരി വിഹിതം ഏകദേശം 28.04 ദശലക്ഷം യൂണീറ്റ് ആണ്.</td></tr>
<tr><td>(ഡി)</td><td>സ്വകാര്യ മേഖലയിൽ നിന്നും സംസ്ഥാനം വൈദ്യുതി വാങ്ങുന്നുണ്ടോ; സംസ്ഥാനത്തിന് പുറത്തു നിന്നും ആഭ്യന്തരമായും എത്ര യൂണിറ്റ് വൈദ്യുതിയാണ് വാങ്ങുന്നത്; വിശദാംശം ലഭ്യമാക്കുമോ?</td><td>(ഡി)</td><td>ഉണ്ട്, സെപ്റ്റംബർ മാസത്തെ പവർ പർച്ചേസ് സ്റ്റേറ്റ്മെന്റ് കണക്കുകൾ പ്രകാരം സ്വകാര്യ മേഖലയിൽ നിന്നും സംസ്ഥാനത്തിന് പുറത്തുനിന്ന് 676153185 യൂണീറ്റും, ആഭ്യന്തരമായി 48176942 യൂണിറ്റും വൈദ്യുതി വാങ്ങിച്ചു. ആഭ്യന്തരമായി ഉള്ള വിശദാംശങ്ങൾ ഇപ്രകാരമാണ്. സൗരോർജ്ജം – 13425700 യൂണിറ്റും,</td></tr>
</table>

| | | | |
|---|---|---|---|
| | | | കാറ്റിൽ നിന്നുള്ള വൈദ്യുതി 14816932 യൂണിറ്റും, ചെറുകിട ജല വൈദ്യുതി നിലയങ്ങളിൽ നിന്നും 19934310 യൂണീറ്റ് വൈദ്യുതിയും വാങ്ങിക്കുകയുണ്ടായി. സംസ്ഥാനത്തിനു പുറത്തുനിന്നും സൗരോർജ്ജം 18268785 യൂണിറ്റും ദീർഘകാല കരാർ പ്രകാരം ഉള്ള നിലയങ്ങളിൽ നിന്നും 657884400 യൂണീറ്റ് വൈദ്യുതിയും വാങ്ങിച്ചു.<br><br>2022 നവംബർ മാസത്തെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന് പുറത്ത് നിന്നും വാങ്ങിയ പ്രതിദിന ശരാശരി വൈദ്യുതിയുടെ കണക്കുകൾ താഴെ പറയുന്നു.<br><br>ദീർഘകാല കരാറുകൾവഴി വാങ്ങിയത് - ഏകദേശം 22.62 ദശലക്ഷം യൂണിറ്റ്<br><br>പവർ എക്സ്ചേഞ്ച് വഴി വാങ്ങിയത് - ഏകദേശം 1.504 ദശലക്ഷം യൂണിറ്റ്<br><br>ആഭ്യന്തര ഉല്പാദകരിൽ നിന്നും വാങ്ങിയത് – ഏകദേശം 1.6205 ദശലക്ഷം യൂണിറ്റ്. |

സെക്ഷൻ ഓഫീസർ